## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം : പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - സീനിയർ സൂപ്രണ്ടിന്റെയും തത്തുല്യ തസ്തികയിലേയും സ്ഥലംമാറ്റ ക്രമീകരണവും സ്ഥാനക്കയറ്റവും - ഭാഗികഭേദഗതി ഉത്തരവ് - സംബന്ധിച്ച് -

പരാമർശം : 1) ഉത്തരവ് നമ്പർ ഡി1/20000/2017/ഡി.പി.ഐ തീയതി: 25-08-2017.
2) ശ്രീമതി.കെ.സി.നിർമ്മലയുടെ 29-8-2017 തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ ഡി (1)/20000/2017/ഡി.പി.ഐ തീയതി 29-08-2017.**

പരപ്പനങ്ങാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ട് ആയ ശ്രീമതി.നിർമ്മല.കെ.സി. യെ കൊയിലാണ്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥലംമാറ്റികൊണ്ടും (Sl.No. 32), പത്തനംതിട്ട വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ആയ ശ്രീ.ശ്രീകുമാർ.എസിനെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി പരപ്പനങ്ങാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ സീനിയർ സൂപ്രണ്ട് ആയി (Sl.No. 15) നിയമിച്ചും. പരാമർശം (1) പ്രകാരം ഉത്തരവായി.

പരപ്പനങ്ങാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും കൊയിലാണ്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ തസ്തികയിലേക്ക് സ്ഥലംമാറ്റം തനിയ്ക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാൽ നിലവിലെ ലാവണത്തിൽ തന്നെ തുടരാൻ അനുവദിക്കണമെന്നു പരാമർശം (2) പ്രകാരം ശ്രീമതി.നിർമ്മല.കെ.വി അപേക്ഷിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ ശ്രീമതി.നിർമ്മല.കെ.സി യെ ടിയാൻ ജോലിചെയ്തുവരുന്ന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് പരപ്പനങ്ങാടിയിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ തന്നെ തുടരുന്നതിനും, ശ്രീ.ശ്രീകുമാർ.എസ്, ജൂനിയർ സൂപ്രണ്ട്, വിദ്യാഭ്യാസ ഉപ ഡയറക്ടർ ഓഫീസ് പത്തനംതിട്ടയെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി പരപ്പനങ്ങാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനു പകരം കൊയിലാണ്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലേക്ക് നിയമിച്ചുകൊണ്ട് പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഭേദഗതിചെയ്ത് ഉത്തരവാകുന്നു.

മേൽ ഭേദഗതി ഉത്തരവിനു പരാമർശം (1) പ്രകാരമുള്ള ഉത്തരവു പ്രകാരം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**/അംഗീകാരത്തോടെ/**

**സൂപ്രണ്ട്.**

സ്വീകർത്താവ്

(1) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ.
(2) വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ.
(3) ടെക്സ്റ്റ്ബുക്ക് ഓഫീസർ.
(4) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
(5) ഡയറക്ടർ ഐ.ടി സ്കൂൾ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
(6) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

എ.സി-